ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 02-06-2026 | പ്രധാന വാർത്തകൾ | TIME : 07.25 PM

1. ജനങ്ങളെ ശാക്തീകരിക്കുന്നതിനുള്ള മികച്ച മാർഗമാണ് വിദ്യാഭ്യാസമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu has said that education is a powerful means of empowerment as it enables individuals to become self-reliant, aware and capable.**

2. ഇന്ധന വിലവർധനയുമായി ബന്ധപ്പെട്ട് കേരള നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്. നയപ്രഖ്യാപനത്തിൻ മേലുള്ള നന്ദി പ്രമേയ ചർച്ചകൾക്ക് സഭയിൽ ഇന്ന് തുടക്കമായി.

   **Opposition walkout in the Kerala Legislative Assembly regarding the fuel price hike. Discussions on the motion of thanks to the Governor's policy address began in the Assembly today.**

3. ലഹരിക്കെതിരെ ഓപ്പറേഷൻ തൂഫാന് തുടക്കമിട്ട് സംസ്ഥാന സർക്കാർ. ലഹരി ശൃംഖലയെ തുരത്താൻ എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

   **The state government has launched 'Operation Toofan' against drugs. Chief Minister V.D. Satheesan said that everyone must work together to eradicate the drug network.**

4. സി.ബി.എസ്.ഇ പന്ത്രണ്ടാം ക്ലാസ് വിദ്യാർത്ഥികൾക്കായുള്ള പുനർമൂല്യനിർണ്ണയ പോർട്ടലിന് നേരെ സൈബർ ആക്രമണം. പോർട്ടൽ നിലവിൽ സുരക്ഷിതമെന്ന് സി.ബി.എസ്.ഇ.

**The CBSE revaluation portal for class 12th is currently supporting over 8 thousand concurrent users. The platform was targeted by denial-of-service attack, which generated nearly 1.5 million hits within a span of two minutes.**

5. കേരളത്തിൽ കാലവർഷം മറ്റന്നാളോടെ എത്തിച്ചേരാൻ സാധ്യത. സംസ്ഥാനത്ത് കനത്ത മഴ തുടരും. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

**Monsoon likely to reach Kerala by the day after tomorrow. Heavy rain will continue across the state. Fishing is prohibited along the coasts of Kerala, Karnataka, and Lakshadweep.**

6. ഇന്ത്യ - ഇംഗ്ലണ്ട് വനിത ട്വന്റി - 20 പരമ്പരയിലെ മൂന്നാം മത്സരം ഇന്ന് രാത്രി 11 ന്.

**In Women's Cricket, third and final T20 International between India and hosts England to be played in Taunton tonight.**

***************************

## PREZ - TRIBALS ( INTRO )

ജനങ്ങളെ ശാക്തീകരിക്കുന്നതിനുള്ള മികച്ച മാർഗമാണ് വിദ്യാഭ്യാസമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഗോത്ര സമൂഹങ്ങളിലെ യുവാക്കളെ ശാക്തീകരിക്കുന്നതിനായി കേന്ദ്ര സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും രാഷ്ട്രപതി പറഞ്ഞു. ന്യൂഡൽഹിയിൽ, ഗോത്രകാര്യ

മന്ത്രാലയത്തിൻറെ സ്കോളർഷിപ്പ് പദ്ധതികളുടെ ഗുണഭോക്താക്കളെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. എല്ലാ വിഭാഗങ്ങളും സാമൂഹികമായും, സാമ്പത്തികമായും, വിദ്യാഭ്യാസപരമായും പുരോഗമിക്കുമ്പോൾ മാത്രമേ യഥാർത്ഥ വികസനം സാധ്യമാകൂ എന്നും ശ്രീമതി മുർമു പറഞ്ഞു.

( വോയിസ്.....)

***************************

## NIYAMASABHA (INTRO)

ഇന്ധന വിലവർധനയുമായി ബന്ധപ്പെട്ട അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ ഇന്ന് പ്രതിപക്ഷ വാക്കൗട്ട്. ഗവർണറുടെ നയപ്രഖ്യാപനത്തിൻ മേലുള്ള നന്ദി പ്രമേയ ചർച്ചകൾക്കും സഭയിൽ ഇന്ന് തുടക്കമായി.. കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.

(വോയ്സ്)

***************************

## Deputy Speaker

പതിനാറാം കേരള നിയമസഭയിലെ ഡെപ്യുട്ടി സ്പീക്കറായി ഷാനിമോൾ

ഉസ്മാനെ തിരഞ്ഞെടുത്തു. കോൺഗ്രസിലെ ഷാനിമോൾ ഉസ്മാന് 99 വോട്ടും, സിപിഐയിലെ മുഹമ്മദ് മൊഹ്സിന് 34 വോട്ടുമാണ് ലഭിച്ചത്. മൂന്നര പതിറ്റാണ്ടിന് ശേഷമാണ് കേരള

നിയമസഭയിൽ ഒരു വനിത, ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്തേക്ക് എത്തുന്നത്.

***************************

## Operation Toofan

കേരളത്തിൽ നിന്ന് ലഹരി ശൃംഖലയെ തുരത്താൻ എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. നാടിനെ പുരോഗതിയിലേക്കു നയിക്കേണ്ട യുവജനങ്ങളെ വഴിതെറ്റിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നത് മയക്കുമരുന്നു വ്യാപനമാണെന്നും മുഖ്യമന്തി പറഞ്ഞു. ലഹരിക്കെതിരായി

സംസ്ഥാന ആഭ്യന്തര വകുപ്പ് ആരംഭിച്ച 'ഓപ്പറേഷൻ തൂഫാൻ; The Narco Hunt' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിൽ നടന്ന ചടങ്ങിൽ ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല അദ്ധ്യക്ഷത വഹിച്ചു.

***************************

## REV.CBSE REVALUATION PORTAL

സി.ബി.എസ്.ഇ പന്ത്രണ്ടാം ക്ലാസ് വിദ്യാർത്ഥികൾക്കായുള്ള ഉത്തരക്കടലാസ് പുനർമൂല്യനിർണ്ണയ പോർട്ടലിന് നേരെ സൈബർ ആക്രമണം. രണ്ട് മിനിറ്റിനുള്ളിൽ 15 ലക്ഷത്തോളം വ്യാജ ഹിറ്റുകൾ സൃഷ്ടിച്ചുകൊണ്ടുള്ള ആക്രമണമാണ് പോർട്ടലിന് നേരെ ഉണ്ടായത്. പോർട്ടൽ നിലവിൽ സുരക്ഷിതമാണെന്നും, പതിനാറായിരത്തിലധികം വിദ്യാർത്ഥികൾ ഇതുവരെ വിജയകരമായി അപേക്ഷകൾ സമർപ്പിച്ചതായും അധികൃതർ വ്യക്തമാക്കി. എണ്ണായിരത്തിലധികം പേർക്ക് ഒരേസമയം പോർട്ടൽ ഉപയോഗിക്കാൻ സാധിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ നിർദ്ദേശ പ്രകാരമുള്ള മാറ്റങ്ങൾ പോർട്ടലിൽ വരുത്തിയതായും സി.ബി.എസ്.ഇ അറിയിച്ചു.

***************************

## EVE HOME – IMMIGRATION RULE

ഇന്ത്യയിലെത്തുന്ന വിദേശികളുടെ രജിസ്ട്രേഷൻ സമയപരിധിയിലടക്കം സുപ്രധാന മാറ്റങ്ങൾ വരുത്തിക്കൊണ്ട് ഇമിഗ്രേഷൻ, ഫോറിനേഴ്സ് ചട്ടങ്ങൾ കേന്ദ്ര സർക്കാർ ഭേദഗതി ചെയ്തു. 180 ദിവസം വരെയുള്ള കാലാവധിയിൽ ഇന്ത്യയിലെത്തുന്ന വിദേശികൾക്ക്, താമസം നീട്ടുന്നതിനായി, വിസ കാലാവധി തീരുന്നതിന് മുൻപ് തന്നെ നിർബന്ധമായും രജിസ്ട്രേഷൻ പൂർത്തിയാക്കണം. മുൻപ്, കാലാവധി കഴിഞ്ഞ് 14 ദിവസത്തിനകം രജിസ്ട്രേഷൻ പൂർത്തിയാക്കിയാൽ മതിയായിരുന്നു. വിസ കാലാവധി കഴിഞ്ഞുള്ള രജിസ്ട്രേഷൻ ഇനിമുതൽ അടിയന്തിര സാഹചര്യങ്ങളിൽ മാത്രമേ

അനുവദിക്കുകയുള്ളൂ എന്നും കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൻറെ  വിജ്ഞാപനത്തിൽ പറയുന്നു.

***************************

## NATIONAL PANCHAYAT AWARD

2025 ലെ ദേശീയ പഞ്ചായത്ത് അവാർഡുകൾ  കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് നാളെ ന്യൂഡൽഹിയിൽ വിതരണം ചെയ്യും.  രാജ്യത്തെ 42 മികച്ച പഞ്ചായത്തുകൾക്കാണ് പുരസ്കാരങ്ങൾ സമ്മാനിക്കുക. ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് സതത് വികാസ് പുരസ്കാരങ്ങൾ 34 ഗ്രാമപഞ്ചായത്തുകൾക്കും, നാനാജി ദേശ്മുഖ് സർവോത്തം പഞ്ചായത്ത് സതത് വികാസ് പുരസ്കാരം എട്ട് പഞ്ചായത്തുകൾക്കും  നൽകും. കേരളത്തിൽ നിന്നുള്ള നിരണം, ഒറ്റൂർ, മേലുകാവ് ഗ്രാമ പഞ്ചായത്തുകൾക്കും, ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിനും വിവിധ വിഭാഗങ്ങളിൽ പുരസ്കാരം ലഭിച്ചിട്ടുണ്ട്.

***************************

## JAISHANKAR-NEPAL

വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ നേപ്പാൾ രാഷ്ട്രീയ സ്വതന്ത്ര പാർട്ടി അധ്യക്ഷൻ രവി ലാമിഛാനെയുമായി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇരുരാജ്യങ്ങളും തമ്മിലുള്ള വികസന പങ്കാളിത്തവും, ജനങ്ങൾ തമ്മിലുള്ള ഊഷ്മള ബന്ധവും ചർച്ചയായതായി ശ്രീ ജയ്ശങ്കർ സമൂഹ മാധ്യമത്തിൽ കുറിച്ചു.

***************************

## MEA-PAK NEPAL ( INTRO)

പാകിസ്ഥാൻ-യൂറോപ്യൻ യൂണിയൻ സംയുക്ത പ്രസ്താവനയിലെ ജമ്മു കശ്മീരിനെക്കുറിച്ചുള്ള അനാവശ്യ  പരാമർശങ്ങൾ തള്ളി ഇന്ത്യ. ജമ്മു കശ്മീരും ലഡാക്കും ഇന്ത്യയുടെ അവിഭാജ്യ ഘടകങ്ങളാണെന്നും, പ്രദേശങ്ങളിൽ അവകാശമില്ലാത്തവർ  ഇക്കാര്യത്തിൽ അഭിപ്രായങ്ങൾ ഉന്നയിക്കരുതെന്നും വിദേശകാര്യ വക്താവ്  രൺധീർ ജയ്സ്വാൾ പറഞ്ഞു.

( വോയിസ്...)

ഇന്ത്യയും നേപ്പാളും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തിൽ മൂന്നാമതൊരു കക്ഷിക്കും പങ്കില്ലെന്നും ശ്രീ രൺധീർ ജയ്സ്വാൾ വ്യക്തമാക്കി. ഇന്ത്യ-നേപ്പാൾ അതിർത്തിയെക്കുറിച്ചുള്ള നേപ്പാൾ പ്രധാനമന്ത്രിയുടെയും നേപ്പാൾ വിദേശകാര്യ മന്ത്രാലയത്തിന്റെയും പ്രസ്താവനയിൽ പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

***************************

## SC-AGASTHYAMALAI

തമിഴ്നാട്ടിലും കേരളത്തിലുമായി വ്യാപിച്ചുകിടക്കുന്ന അഗസ്ത്യാർകൂടം വനമേഖലയിലെ കൈയേറ്റം സമയബന്ധിതമായി ഒഴിപ്പിക്കാൻ സുപ്രീം കോടതി ഉത്തരവിട്ടു. കൈയേറ്റക്കാരാണെന്ന് കണ്ടെത്തിയ 118 സർക്കാർ ജീവനക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാനും ജസ്റ്റിസുമാരായ വിക്രം നാഥ്, സന്ദീപ് മേത്ത എന്നിവരടങ്ങിയ ബെഞ്ച് ഉത്തരവിട്ടു.

***************************

## HEALTH MINISTRY - EBOLA

രാജ്യത്ത് ഇതുവരെ എബോള വൈറസ് ബാധ റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം. എബോള ബാധിത രാജ്യത്ത് നിന്ന് കഴിഞ്ഞ 21 ദിവസത്തിനുള്ളിൽ മടങ്ങിയെത്തിവർ രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ ആരോഗ്യ പ്രവർത്തകരെ ബന്ധപ്പെടണമെന്നും, സമ്പർക്കവിലക്ക് പാലിക്കണമെന്നും മന്ത്രാലയം നിർദ്ദേശിച്ചു. കൂടുതൽ വിവരങ്ങൾക്കായി 1075 എന്ന ഹെൽപ്പ്ലൈൻ നമ്പറിൽ വിളിക്കാവുന്നതാണ്.

***************************

## WOMENS TWENTY - 20 CRICKET

ഇന്ത്യ - ഇംഗ്ലണ്ട് വനിത ട്വൻറി - 20 പരമ്പരയിലെ മൂന്നാം മത്സരം ഇന്ന്. ഇംഗ്ലണ്ടിലെ ടൗൺടണിലുള്ള കൗണ്ടി ക്രിക്കറ്റ് ഗ്രൗണ്ടിൽ ഇന്ത്യൻ സമയം രാത്രി 11 മണിക്കാണ് മത്സരം. ആദ്യ മത്സരം

ഇന്ത്യയും രണ്ടാം മത്സരം ഇംഗ്ലണ്ടും ജയിച്ചതോടെ ഇന്നത്തെ വിജയികൾ പരമ്പര സ്വന്തമാക്കും.

**************************

## IMD - KERALAM

കേരളത്തിൽ തെക്കുപടിഞ്ഞാറൻ മൺസൂൺ വ്യാഴാഴ്ചയോടെ എത്താൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. സംസ്ഥാനത്ത് കനത്ത മഴ തുടരും. ഇന്ന് മലപ്പുറം , കോഴിക്കോട് , വയനാട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. നാളെ ആലപ്പുഴ, കോട്ടയം , എറണാകുളം , തൃശൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽ ഈ മാസം എട്ട് വരെ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്.

മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള -കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം ആറു വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

**************************

## EL NINO

എൽ നിനോ പ്രതിഭാസത്തിന്റെ ഫലമായി ഈ വർഷം ലോകമെമ്പാടും അതിതീവ്ര കാലാവസ്ഥയ്ക്ക് സാധ്യതയെന്ന് ആഗോള കാലാവസ്ഥാ സംഘടനയുടെ മുന്നറിയിപ്പ്. ജൂൺ മുതൽ ഓഗസ്റ്റ് വരെയുള്ള കാലയളവിൽ രൂപപ്പെടാൻ സാധ്യതയുള്ള എൽ നിനോ നവംബർ വരെ നീണ്ടുനിൽക്കുമെന്നും കാലാവസ്ഥാ ഏജൻസി അറിയിച്ചു. ചില പ്രദേശങ്ങളിൽ വരൾച്ചയ്ക്കും ചിലയിടങ്ങളിൽ കനത്ത മഴയ്ക്കും വെള്ളപ്പൊക്കത്തിനും എൽനിനോ കാരണമാകുന്നു. കേരളത്തിലെ കാലവർഷത്തെ ഉൾപ്പടെ എൽനിനോ സ്വാധീനിച്ചേക്കാമെന്നാണ് റിപ്പോർട്ടുകൾ. രാജ്യത്ത് കാലവർഷ മഴ ഇക്കുറി സാധാരണയേക്കാൾ കുറവായിരിക്കുമെന്ന് കാലാവസ്ഥാ വിഭാഗം വ്യക്തമാക്കിയിരുന്നു.

**************************

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 383 പോയിന്റ് ഉയർന്ന് 74,650 ലും നിഫ്റ്റി 101 പോയിന്റ് നേട്ടത്തിൽ 23,484 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ്ണവിലയിൽ മാറ്റമില്ല. പവന് ഒരു ലക്ഷത്തി 14,560 രൂപയും ഗ്രാമിന് 14,320 രൂപയുമാണ് ഇന്നത്തെ വില.

***************************

## ISRAEL LEBANON IRAN

ഇറാൻ - യു.എസ് വെടിനിർത്തൽ കരാറിൽ നിർണായക ഘടകമായി ഇസ്രായേൽ ലെബനൻ സംഘർഷം. ലെബനനിലെ ഇസ്രായേൽ സൈനിക നീക്കങ്ങൾ ചൂണ്ടിക്കാട്ടി, അമേരിക്കയുമായുള്ള എല്ലാ ചർച്ചകളും നിർത്തിവച്ചതായി ഇറാൻ അറിയിച്ചു. തെക്കൻ ലെബനനിലുണ്ടായ ഇസ്രായേലി ഡ്രോൺ ആക്രമണങ്ങളിൽ എട്ട് പേർ കൊല്ലപ്പെട്ടിട്ടുണ്ട്. ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവുമായുള്ള ചർച്ചകൾക്ക് ശേഷം ഹിസ്ബുള്ളക്കെതിരെയുള്ള ആക്രമണം നിർത്താൻ ധാരണയായതായി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് നേരത്തെ അറിയിച്ചിരുന്നു. വടക്കൻ ഇസ്രായേലിലേക്ക് ഹിസ്ബുള്ളയുടെ പ്രത്യാക്രമണവും തുടരുകയാണ്.

***************************

*****************

***********